REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 12-11-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **ഡൽഹിയിലെ ചുവപ്പുകോട്ട സ്ഫോടനം അന്വേഷിക്കാൻ NIA പത്ത് ഉദ്യോഗസ്ഥരുടെ പ്രത്യേക സംഘം രൂപീകരിച്ചു.**
- **ഭൂട്ടാന്റെ 13-ാം പഞ്ചവത്സര പദ്ധതിക്ക് ഇന്ത്യയുടെ അചഞ്ചല പിന്തുണയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **രാജ്യത്തെ ഓരോ കുട്ടിയെയും ന്യൂമോണിയയിൽ നിന്ന് സംരക്ഷിക്കുന്നതിന് കേന്ദ്രം പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്രമന്ത്രി J.P നദ്ദ.**
- **സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം മറ്റന്നാൾ പുറപ്പെടുവിക്കും.**
- **2026 ലെ ട്രെൻഡിംഗ് ഡെസ്റ്റിനേഷനുകളുടെ പട്ടികയിൽ ഇന്ത്യയിൽ നിന്ന് കൊച്ചി ഇടം നേടി.**

## വാർത്തകൾ വിശദമായി

**ഡൽഹിയിലെ ചുവപ്പുകോട്ട സ്ഫോടനം അന്വേഷിക്കാൻ NIA പത്ത് ഉദ്യോഗസ്ഥരുടെ പ്രത്യേക സംഘം രൂപീകരിച്ചു. NIA, ADG വിജയ് സാക്കറെ നയിക്കുന്ന പ്രത്യേക സംഘത്തിൽ ഒരു IG, രണ്ട് DIG മാർ, മൂന്ന് SP മാർ, DSP തല ഉദ്യോഗസ്ഥർ എന്നിവരാണ് ഉണ്ടാവുക. സ്ഫോടനത്തിന്റെ അന്വേഷണം ആഭ്യന്തര മന്ത്രാലയം ഇന്നലെ NIA യ്ക്ക് കൈമാറിയതിന് തൊട്ടുപിന്നാലെയാണ് അന്വേഷണ സംഘത്തിന്റെ രൂപീകരണം.**

✪✪✪

സാമ്പത്തിക ഉത്തേജക പരിപാടി ഉൾപ്പെടെ ഭൂട്ടാന്റെ 13-ാം പഞ്ചവത്സര പദ്ധതിക്ക് ഇന്ത്യ അചഞ്ചലമായ പിന്തുണ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഭൂട്ടാന്റെ പ്രധാന വികസന പദ്ധതികൾക്ക് മുൻഗണന നൽകുമെന്നും, സുസ്ഥിര വളർച്ച കൈവരിക്കുന്നതിന് ഇന്ത്യ സജീവമായി സഹായിക്കുമെന്നും ഭൂട്ടാൻ സന്ദർശനത്തിനിടെ പ്രധാനമന്ത്രി അറിയിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

1,020 മെഗാവാട്ട് പുനത്സാങ്ച്ചു -II ജലവൈദ്യുത പദ്ധതി പ്രധാനമന്ത്രി നരേന്ദ്രമോദിയും, ഭൂട്ടാൻ രാജാവും സംയുക്തമായി ഉദ്ഘാടനം ചെയ്തു. ജലവൈദ്യുത മേഖലയിൽ ഇരുരാജ്യങ്ങളും തമ്മിലെ മാതൃകാപരമായ സഹകരണത്തിന്റെ തെളിവായി പദ്ധതി നിലകൊള്ളുമെന്ന് നരേന്ദ്രമോദി പറഞ്ഞു.

ഭൂട്ടാന്റെ ജലവൈദ്യുത പദ്ധതികളിൽ ഇന്ത്യൻ കമ്പനികളുടെ സജീവമായ ഇടപെടലുകളെ രാജാവ് സ്വാഗതം ചെയ്തു. ഇന്റഗ്രേറ്റഡ് ചെക്പോസ്റ്റുകൾ സ്ഥാപിക്കുന്നതുൾപ്പെടെ അതിർത്തിയിലെ ബന്ധവും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും ഇരുനേതാക്കളും ചർച്ച ചെയ്തു.

പുനരുപയോഗ ഊർജ്ജം, ആരോഗ്യം, കുടുംബക്ഷേമം വൈദ്യം, സഹകരണം എന്നീ മേഖലകളിൽ ഇരുരാജ്യങ്ങളും സഹകരിച്ച് പ്രവർത്തിക്കുന്നതിന് കരാറുകളിലും ഇന്ത്യയും, ഭൂട്ടാനും ഒപ്പു വെച്ചു.

✪✪✪

ഇന്ന് പൊതു സേവന പ്രക്ഷേപണ ദിനം. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ആകാശവാണിയിലൂടെ രാഷ്ട്രത്തെ അഭിസംബോധന ചെയ്ത 1947 നവംബർ 12 ന്റെ സ്മരണാർത്ഥമാണ് ദിനാചരണം. 2000-ത്തിൽ അന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രിയായിരുന്ന സുഷമാ സ്വരാജാണ് നവംബർ 12ന് ദേശീയ സേവന പ്രക്ഷേപണദിനമായി ആചരിക്കുന്ന തീരുമാനം സ്വീകരിച്ചത്.

ആകാശവാണി ഡൽഹി ബ്രോഡ്കാസ്റ്റിംഗ് ഹൗസിൽ വൈകിട്ട് 3.10 ന് സംഘടിപ്പിക്കുന്ന പ്രത്യേക പരിപാടിയുടെ ദൃക്സാക്ഷി വിവരണം ആകാശവാണി നിലയങ്ങൾ പ്രക്ഷേപണം ചെയ്യും.

✪✪✪

കാനഡയിലെ ഒന്റോറിയോയിൽ G-20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിനിടെ ഡോ. S ജയശങ്കർ കാനഡ വിദേശ കാര്യമന്ത്രി അനിത ആനന്ദുമായി കൂടിക്കാഴ്ച നടത്തി. കാനഡയുമായി കൂടുതൽ ഉഭയകക്ഷി പങ്കാളിത്തം ഇന്ത്യ ആഗ്രഹിക്കുന്നതായി ഡോ. S ജയശങ്കർ കൂടിക്കാഴ്ചയിൽ പറഞ്ഞു.

✪✪✪

രാജ്യത്തെ ഓരോ കുട്ടിയെയും ന്യൂമോണിയയിൽ നിന്ന് സംരക്ഷിക്കുന്നതിന് കേന്ദ്രം പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി J.P നദ്ദ പറഞ്ഞു. ശക്തമായ ആരോഗ്യ സംവിധാനങ്ങളിലൂടെയും സാമൂഹ്യ അവബോധത്തിലൂടെയും ന്യൂമോണിയ പൂർണമായും ഇല്ലാതാക്കാൻ സാധിക്കുമെന്നും നദ്ദ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇൻഡോ- പസഫിക് നാവിക അഭ്യാസമായ 'എക്സർസൈസ് മലബാർ - 2025' ൽ ഇന്ത്യ, ജപ്പാൻ, അമേരിക്ക എന്നീ രാജ്യങ്ങൾക്കൊപ്പം ഓസ്ട്രേലിയയും ചേർന്നു. നാല് ക്വാഡ് രാജ്യങ്ങൾക്കിടയിലെയും ഏകോപനവും പരസ്പര പ്രവർത്തനക്ഷമതയും ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് നാവികാഭ്യാസം.

✪✪✪

സ്വർണ്ണ കള്ളക്കടത്ത് സംഘത്തിൽ ഉൾപ്പെട്ടതായി സംശയിക്കുന്ന 11 പേരെ ഡയറക്ടറേറ്റ് ഓഫ് റവന്യു ഇന്റലിജന്റ്സ് വിഭാഗം മുംബൈയിൽ അറസ്റ്റ് ചെയ്തു. 15 കോടി വില വരുന്ന 11 കിലോയിലധികം സ്വർണവും, 14 ലക്ഷത്തോളം വില വരുന്ന വെള്ളിയും ഇവരിൽ നിന്നും പിടിച്ചെടുത്തു.

✪✪✪

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം മറ്റന്നാൾ പുറപ്പെടുവിക്കും. നാമനിർദേശ പത്രിക സമർപ്പിക്കുന്നതിന് അവസാന തിയതി ഈ മാസം 21 ആണ്.

തദ്ദേശ തെരഞ്ഞെടുപ്പിന് പത്രികകളുടെ സൂക്ഷ്മ പരിശോധന ഈ മാസം 22നാണ്. രണ്ട് ഘട്ടങ്ങളിലായി ഡിസംബർ ഒമ്പതിനും പതിനൊന്നിനും ആണ് വോട്ടെടുപ്പ് - അടുത്തമാസം 13നാണ് വോട്ടെണ്ണൽ.

✪✪✪

ചികിത്സയിലായിരുന്ന ബോളിവുഡ് നടൻ ധർമ്മേന്ദ്ര ആശുപത്രി വിട്ടു. നടൻ പൂർണ ആരോഗ്യവാനാണെന്ന് കുടുംബം അറിയിച്ചു. പൊതുജനങ്ങൾ വ്യാജ വാർത്തകളിൽ നിന്ന് വിട്ടുനിൽക്കണമെന്നും ധർമ്മേന്ദ്രയുടെ സ്വകാര്യതയെ മാനിക്കണമെന്നും കുടുംബം ആവശ്യപ്പെട്ടു. ധർമ്മേന്ദ്രയുടെ ആരോഗ്യത്തിനും ദീർഘായുസ്സിനും പ്രാർത്ഥിച്ച എല്ലാവർക്കും കുടുംബം നന്ദിയറിയിച്ചു.

✪✪✪

ശബരിമല സ്വർണ്ണപ്പാളി കേസിൽ മുഴുവൻ കുറ്റവാളികളുടെ അറസ്റ്റും ദേവസ്വം മന്ത്രിയുടെ രാജിയും ആവശ്യപ്പെട്ട് KPCC യുടെ സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും ആരംഭിച്ചു.

ആശാൻ സ്ക്വയറിൽ നിന്ന് ആരംഭിച്ച മാർച്ചിൽ AICC ജനറൽ സെക്രട്ടറിമാരായ KC വേണുഗോപാൽ, ദീപാ ദാസ് മുൻഷി, KPCC പ്രസിഡന്റ് സണ്ണിജോസഫ്, പ്രവർത്തക സമിതിയംഗങ്ങൾ എന്നിവരടക്കം നേതാക്കൾ പങ്കെടുക്കുന്നുണ്ട്.

✪✪✪

ശബരിമല സ്വർണ്ണ കവർച്ചാ കേസിൽ മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് A.പദ്മകുമാർ ചോദ്യം ചെയ്യലിന് സാവകാശം തേടി. ബന്ധുവിന്റെ മരണത്തെ തുടർന്നാണ് സാവകാശം തേടിയത്.

✪✪✪

2026 ൽ നിർബന്ധമായും കണ്ടിരിക്കേണ്ട വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിൽ കൊച്ചിയും ഉൾപ്പെട്ടു. ബുക്കിങ്.കോം തയ്യാറാക്കിയ 10 ട്രെൻഡിംഗ് ഡെസ്റ്റിനേഷനുകളുടെ പട്ടികയിൽ ആണ് കൊച്ചിയും ഇടംനേടിയത്. ഇന്ത്യയിൽ നിന്ന് അംഗീകാരം ലഭിച്ച ഏക ടൂറിസം കേന്ദ്രമാണ് കൊച്ചി.

✪✪✪

അണ്ടർ 19 ഏകദിന ക്രിക്കറ്റ് ടൂർണമെന്റിലെ ഇന്ത്യൻ ടീമിൽ മലയാളി സ്പിന്നർ മുഹമ്മദ് ഇനാൻ ഇടം നേടി. അടുത്ത വർഷത്തെ അണ്ടർ 19 ലോകകപ്പിലേക്ക് ഇന്ത്യൻ ടീമിന്റെ തിരഞ്ഞെടുപ്പ് ഈ ടൂർണമെന്റിലെ പ്രകടനത്തെ അടിസ്ഥാനമാക്കിയാണ്.

✪✪✪

ലോക ഷൂട്ടിങ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ യുവതാരം സാമ്രാട്ട് റാണ സ്വർണം നേടി. കെയ്റോയിൽ 10 മീറ്റർ എയർ റൈഫിൾ ഫൈനലിൽ 243.7 പോയിന്റ് നേടിയാണ് റാണ ഒന്നാമതെത്തിയത്.

✪✪✪

അറ്റകുറ്റപ്പണികൾക്കായി ഇടുക്കി മൂലമറ്റം വൈദ്യുതി നിലയത്തിലെ ആറ് ജനറേറ്ററുകളുടെയും പ്രവർത്തനം ഇന്നലെ രാത്രിയോടെ നിർത്തി. പവ്വർ ഹൗസിലെ 5, 6 ജനറേറ്ററുകളുടെ  അറ്റകുറ്റപ്പണിക്കാണ് നിലയം അടച്ചിട്ടത്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

.....(വോയ്സ് ) .........

✪✪✪

തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ കണ്ണൂർ കോർപറേഷനിൽ മുഴുവൻ ഡിവിഷനിലും NDA  മത്സരിക്കുമെന്ന് BJP ദേശീയ ഉപാധ്യക്ഷൻ A.P അബ്ദുള്ളക്കുട്ടി കണ്ണൂരിൽ അറിയിച്ചു. 42 ഡിവിഷനിലും സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു.

✪✪✪

ആലപ്പുഴ മണ്ണാറശ്ശാല നാഗരാജ ക്ഷേത്രത്തിലെ ആയില്ല്യം ഉത്സവ ചടങ്ങുകൾ പുരോഗമിക്കുന്നു. മണ്ണാറശ്ശാല ഉത്സവത്തോട് അനുബന്ധിച്ച് ഇന്ന് ആലപ്പുഴ ജില്ലയിൽ പൊതു അവധിയാണ്.

ആലപ്പുഴയിൽ നിന്ന് രവികുമാർ.

......(വോയ്സ്)....

✪✪✪

കല്ലാർകുട്ടി ഡാമിന്റെ ഷട്ടറുകൾ അല്പസമയത്തിനകം ഉയർത്തും. മുതിരപ്പുഴയാർ, പെരിയാർ കരകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

സ്വർണവില കുറഞ്ഞു. പവന് 240 രൂപ താഴ്ന്ന് 92,040 രൂപയായി- 11,505 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

വിവരാവകാശ അപേക്ഷകളിൽ സമയബന്ധിതമായി മറുപടി നൽകാത്ത ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി അപേക്ഷകർക്ക് നൽകുമെന്ന് സംസ്ഥാന വിവരാവകാശ കമീഷണർ TK രാമകൃഷ്ണൻ കോഴിക്കോട്ട് അറിയിച്ചു. കൃത്യവും വ്യക്തവുമായ വിവരങ്ങൾ സമയബന്ധിതമായി ലഭിക്കാൻ എല്ലാ പൗരന്മാർക്കും മൗലികാവകാശമുണ്ടെന്ന് കമ്മീഷണർ പറഞ്ഞു.

✪✪✪

ഇടുക്കി അണക്കരക്ക് സമീപം  ബസും ജീപ്പും കൂട്ടിയിടിച്ച് പത്തു പേർക്ക് പരിക്കേറ്റു. തമിഴ്നാട്ടിൽ നിന്നും തൊഴിലാളികളുമായി എത്തിയ ജീപ്പാണ് അപകടത്തിൽപെട്ടത്.

✪✪✪

തിരുവനന്തപുരം വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാളിന്  മറ്റന്നാൾ കൊടിയേറും. വൈകിട്ട് പൊന്തിഫിക്കൽ ദിവ്യബലിക്ക്  ലത്തീൻ അതിരൂപതാ സഹായ മെത്രാൻ ഡോ. R. ക്രിസ്തുദാസ് മുഖ്യകാർമികനാകും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*NRTs: അനിൽ ചന്ദ്രൻ*
*DEO:  ഷീബ*